**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 268** **15-02-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൂറിസം പരിശീലനം ലക്ഷ്യമിട്ട് ഏതെല്ലാം അക്കാദമികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ലോകമെമ്പാടും പ്രത്യേകിച്ച് കേരളത്തിൽ അനുദിനം വികസിച്ചു വരുന്ന ടൂറിസം മേഖലയിൽ മികച്ച പരിശീലനം ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് മാനവ വിഭവശേഷി വർധിപ്പിക്കുന്നതിനും അതിഥി സൽക്കാരത്തിന്റെ വിവിധ തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം ലഭ്യമാക്കുന്നതിനും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കണ്ണൂർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (KIHM), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നീ ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാന സർക്കാർ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.<br><br>വിവിധ ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും സ്ത്രീകൾക്ക് വേണ്ടിയുള്ള ഹ്രസ്വകാല പരിശീലന പ്രോഗ്രാമുകളും വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യ പ്രകാരം പ്രത്യേക പരിശീലന പരിപാടികളും വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നടത്തിവരുന്നുണ്ട്.<br><br>സാഹസിക വിനോദസഞ്ചാര മേഖലയിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കോഴിക്കോട് ഗോദീശ്വരത്ത് സർഫിംഗ് അക്കാദമിയും തുഷാരഗിരിയിൽ കയാക്കിംഗ് അക്കാദമിയും ആരംഭിച്ചിട്ടുണ്ട്.<br><br>**സർഫിംഗ് അക്കാദമി, ഗോദീശ്വരം, കോഴിക്കോട്:-**<br><br>സംസ്ഥാന അഡ്വഞ്ചർ ടൂറിസത്തിന്റേയും ഉത്തരവാദിത്ത ടൂറിസം മിഷന്റേയും നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | സർഫിംഗ് ട്രൈനിംഗ് വിജയകരമായി പൂർത്തിയാക്കിയ യുവാക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തവാദിത്ത ടൂറിസം മിഷന്റെ യൂണിറ്റായി, വിനോദസഞ്ചാര വകുപ്പിന്റെ മേൽ നോട്ടത്തിലുള്ള ആദ്യ സർഫിംഗ് അക്കാദമി രൂപീകരിച്ചിട്ടുണ്ട്.<br><br>**<u>കയാക്കിംഗ് അക്കാദമി, തുഷാരഗിരി:-</u>**<br><br>കോഴിക്കോട് അരിപ്പാറയിൽ കയാക്കിംഗ് സെന്ററിനു പുറമേ ലോക കയാക്കിംഗ് ചാമ്പ്യൻഷിപ്പിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കയാക്കിംഗ് പരിശീലനത്തിനും മത്സരങ്ങൾക്കുമായി ഒരു അന്താരാഷ്ട്ര കയാക്കിംഗ് സെന്റർ കോടഞ്ചേരി പുലിക്കയത്ത് ആരംഭിച്ചിട്ടുണ്ട്. ഡോർമെറ്ററി, ക്ലോക്ക് റൂം, ഗ്യാലറി, ശുചി മുറികൾ, മീറ്റിംഗ് ഹാൾ എന്നീ സൗകര്യങ്ങൾ കയാക്കിംഗ് സെന്ററിൽ ഒരുക്കിയിട്ടുണ്ട്. കയാക്കിംഗ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. നിലവിൽ 76 പേർ അക്കാദമി മുഖേന കയാക്കിംഗ് പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഹൈക്കിംഗ്, ട്രക്കിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിന് നിലവിൽ ഏതെങ്കിലും അക്കാദമി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടേയും കിറ്റ്സിന്റേയും സംയുക്ത സഹകരണത്തിൽ സാഹസിക ടൂറിസത്തിൽ പരിശീലനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈക്കിംഗ്, ട്രക്കിംഗ് എന്നിവ പരിശീലിപ്പിക്കുന്നതിന് അക്കാദമി സജ്ജമാക്കുന്നത് പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ